# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2277 — 04.11.2019-ൽ മറുപടിക്ക്

## <u>പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ</u>

**ചോദ്യം**

ശ്രീമതി ഗീതാ ഗോപി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പിന് കീഴിൽ എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്തിന്റെ വികസനത്തിനായി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ ചരിത്ര പൈതൃക ശേഷിപ്പുകളെ സംരക്ഷിച്ച് നിർത്തുക, അതേപ്പറ്റി ആധികാരിക പഠനങ്ങൾ നടത്തുക, പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നിവയൊക്കെയാണ് പുരാവസ്തുവകുപ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ. കേരളത്തിലെ ഓരോ ജില്ലകളുടേയും തനതായ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും അത് വരും തലമുറയ്ക്ക് കൈമാറുന്നതിലേക്കുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം , എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ജില്ലതിരിച്ചുള്ള പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പുരോഗതി അനുബന്ധം (എ) ആയി നൽകുന്നു. |
| (ബി) | പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള സർക്കാർ കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണ് എന്നുള്ള വിവരം നൽകാമോ? | (ബി) | രണ്ടു രീതിയിലാണ് പുരാവസ്തുവകുപ്പിന് നിലവിൽ സംരക്ഷിത സ്മാരകങ്ങൾ ഉള്ളത്. 1. വില നൽകിയോ അല്ലാതെയോ ഏറ്റെടുക്കപ്പെട്ട സ്മാരകങ്ങൾ. 2. ഉടമസ്ഥാവകാശം ഇല്ലാതെ തന്നെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്മാരകങ്ങൾ. രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന സംരക്ഷിത സ്മാരകങ്ങളിൽ സർക്കാർ അധീനതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ നിർമ്മിതികളുണ്ട്.<br><br>ചില സർക്കാർ വകുപ്പുകളുടെ കാര്യാലയങ്ങൾ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ട നിർമ്മിതികളിലാണ് പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| | | | അനന്തവിലാസം കൊട്ടാരം തിരുവനന്തപുരം - സാംസ്കാരിക കാര്യ വകുപ്പിന്റെ വകുപ്പദ്ധ്യക്ഷ കാര്യാലയം, പുരാവസ്തുവകുപ്പിന്റെ വകുപ്പദ്ധ്യക്ഷ കാര്യാലയം - സുന്ദരവിലാസം കൊട്ടാരം, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, എറണാകുളം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, നിയമസഭാ സുവർണ്ണജൂബിലി മ്യൂസിയം, തിരുവനന്തപുരം, Kerala Medical Service Co-operation LTD-ന്റെ ജില്ലാ ആസ്ഥാനം - ഇരട്ടച്ചിറ കോവിലകം, തൃശ്ശൂർ തുടങ്ങിയവ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്ന നിർമ്മിതികളിലാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. പുരാവസ്തുവകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന 11 മ്യൂസിയങ്ങളിൽ 10 എണ്ണവും പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്. ശേഷിക്കുന്ന കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം പ്രവർത്തിക്കുന്ന മന്ദിരം മ്യൂസിയം മൃഗശാലാവകുപ്പിന്റെ ഉടമസ്ഥതയിലുള്ളതു സർക്കാർ കെട്ടിടവും സ്ഥലവുമാണ്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളിൽ സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളുടെ കണക്ക് അനുബന്ധം-ബി ആയി നൽകുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - എ

**തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം-**

പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ശ്രീപാദം കൊട്ടാരം ജില്ലാ പൈതൃക മ്യൂസിയമാക്കി സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുകയാണ്. മ്യൂസിയത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടേയും, പ്രദർശന വസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 2019 ഡിസംബറിൽ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**എറണാകുളം ജില്ലാ പൈതൃക മ്യൂസിയം**

എറണാകുളം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൻ ബംഗ്ലാവ് ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മ്യൂസിയം സ്ഥാപിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്റ്റീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ് . 2019 ഡിസംബറിൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം-**

തൃശ്ശൂർ ജില്ലയിലെ ചെമ്പുക്കാവിൽ തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തികൾ പൂർത്തിയാക്കുകയും 22.06.2018 ന് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം-**

പാലക്കാട് ജില്ലാ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും പുരാവസ്തു വകുപ്പിന് പാട്ടത്തിന് നൽകിയിട്ടുള്ളതുമായ കൽപ്പാത്തിയിലെ മണി അയ്യർ ആഡിറ്റോറിയം ആണ് പാലക്കാട് ജില്ലാ പൈതൃക മ്യൂസിയമായി പരിഗണിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. തുടർന്ന് മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2020 ഫെബ്രുവരിയോടുകൂടി പ്രവർത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**പത്തനംതിട്ടജില്ലാ പൈതൃക മ്യൂസിയം-**

കേരള വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി ആനത്താവളത്തിലാണ് പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ട പ്രദർശന വസ്തുക്കളുടെ സമാഹരണം, പ്രാദേശിക തലത്തിലുള്ള സ്കൂളുകളുടെയും, കോളേജുകളുടെയും സഹകരണത്തോടെ പൂർത്തിയാക്കുന്നതാണ്. എന്നാൽ നിലവിലുള്ള കെട്ടിടത്തിൽ പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം കുറവായതിനാൽ വനംവകുപ്പിന്റെ കൈവശമുള്ള വലിയ ഹാൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം**

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി കെട്ടിടത്തിൽ നിലവിൽ താലൂക്കാഫീസ് പ്രവർത്തിച്ചു വരികയാണ്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 99 വർഷത്തേക്ക് വകുപ്പിന് പാട്ടത്തിന് കൈമാറിയിട്ടുള്ളതുമായ കെട്ടിടത്തിലാണ് ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം തന്നെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വയനാട് ജില്ലാ പൈതൃക മ്യൂസിയം

പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ പഴശ്ശികുടീരം പ്രോജക്റ്റിൽ ആണ് വയനാട് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

## അനുബന്ധം - ബി

1. ശ്രീപാദം കൊട്ടാരം, തിരുവനന്തപുരം.
2. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്
3. നിയമസഭ മ്യൂസിയം, തിരുവനന്തപുരം.
4. കൃഷ്ണപുരം കൊട്ടാരം, കായംകുളം
5. കച്ചേരി മാളിക,യു.സി. കോളേജ് ,ആലുവ, എറണാകുളം
6. അരിയിട്ടു വാഴ്ച കൊട്ടാരം, മട്ടാഞ്ചേരി
7. പറവൂർ സിനഗോഗ്, മുസരീസ്
8. ബാസ്റ്റൺ ബംഗ്ലാവ് , എറണാകുളം
9. ഹിൽപ്പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ
10. ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശ്ശൂർ
11. കൊല്ലംകോട് പാലസ്,തൃശ്ശൂർ
12. ശ്രീ. മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബിന്റെ വീട്, അഴീക്കോട്, കൊടുങ്ങല്ലൂർ, തൃശ്ശൂർ
13. ഇരട്ടച്ചിറ കോവിലകം, തൃശ്ശൂർ
14. തിരൂരങ്ങാടി താലൂക്ക് ഓഫീസ് കെട്ടിടം, മലപ്പുറം
15. സബ്- രജിസ്ട്രാർ ഓഫീസ് , തിരൂരങ്ങാടി.
16. കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ്, കോഴിക്കോട്.
17. പഴശ്ശികുടീരം പ്രോജക്ട് , വയനാട്.
18. പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ, കണ്ണൂർ
19. കണ്ടോന്താർ ട്രാൻസിറ്റ് . ജയിൽ. കണ്ണൂർ